കഴിയും. കാരണം, ഇവിടെ അങ്ങനെയുള്ള സിഗ്നൽ സിസ്റ്റത്തിലേക്കും പെഡസ്ട്രിയൻസിനുവേണ്ടിയുള്ള ട്രാഫിക് സിസ്റ്റത്തിലേക്കും നമ്മൾ വന്നിട്ടില്ല. വിദേശരാജ്യങ്ങളിലൊക്കെ പോയിക്കഴിഞ്ഞാൽ അവിടെ പെഡസ്ട്രിയൻസിനു ണ്ടാക്കിയിട്ടുള്ള സിസ്റ്റം പരിപാലിക്കാൻ വേണ്ടി അവിടത്തെ വാഹനമോടിക്കുന്ന ആളുകളും ശ്രദ്ധിക്കുന്നു എന്നുള്ളതുകൊണ്ട് അവിടത്തെ ട്രാഫിക് സിസ്റ്റം വളരെ നല്ല രീതിയിൽ നടക്കുന്നു. പക്ഷേ ഇവിടെ അങ്ങനെയല്ല. ഇവിടെ ഒരു പെഡസ്ട്രിയൻ കടന്നുപോകുകയാണെങ്കിൽ, ആ പെഡസ്ട്രിയൻ കടന്നുപോകുന്നു എന്നുള്ളത് വാശിയാക്കി, എങ്ങനെയെങ്കിലും അപകടമുണ്ടാക്കാൻ വേണ്ടിയാണ് പലപ്പോഴും വാഹനമോടിക്കുന്നവർ ശ്രദ്ധിക്കാറുള്ളത്. ഒരു ട്രാഫിക് സംസ്കാരം കൂടി നമ്മുടെ സംസ്ഥാനത്ത് വളർന്നുവരണം. റോഡുകൾ വികസിച്ചതുകൊണ്ടുമാത്രം, അല്ലെങ്കിൽ വികസനങ്ങളൊക്കെ ഉണ്ടായതുകൊണ്ടോ ഭൂഗർഭപാതകൾ ഉണ്ടായതുകൊണ്ടോ മാത്രം അപകടങ്ങൾ അവസാനിക്കുന്നില്ല. അപകടങ്ങളുടെ കാര്യത്തിൽ, വാഹനങ്ങൾ ഓടിക്കുന്നവരും ട്രാഫിക് നിയമങ്ങൾ പരിപാലിക്കുന്നതിലുമൊക്കെ എല്ലാവരും കൂടി ശ്രദ്ധിക്കുമ്പോൾ മാത്രമേ ഈ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം ഉണ്ടാകുകയുള്ളൂ.

വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കാൻ നടപടി

2 [*119] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

" മഞ്ഞളാംകുഴി അലി:

" പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽ, റോഡ്, വൈദ്യുതി, വിമാനത്താവളം എന്നിവയുടെ വികസനത്തി നാവശ്യമായ ഭൂമി, കൂടിയ പരിഗണന നൽകി ഏറ്റെടുക്കണമെന്ന് റവന്യൂ ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) ഭൂമി ഏറ്റെടുത്ത് നൽകാത്തതുമൂലം റയിൽവേയുടെ പല വികസന പദ്ധതികളും സംസ്ഥാനത്ത് മുടങ്ങി കിടക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റയിൽവേ വികസനത്തിനാവശ്യമായ മുഴുവൻ ഭൂമിയും എന്നത്തേക്ക് ഏറ്റെടുത്ത് നൽകാനാവും എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) വൈദ്യുതി ബോർഡിന് ആവശ്യമായ സ്ഥലം ലഭിക്കാത്തതുമൂലം പല സ്ഥലങ്ങളിലും സബ് സ്റ്റേഷന്റെ നിർമ്മാണം മുടങ്ങിയിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ,

(എ) റെയിൽ, റോഡ്, വിമാനത്താവളം എന്നിവയുടെ വികസനത്തിനാവശ്യമായ ഭൂമി ഫാസ്റ്റ് ട്രാക്ക് പദ്ധതിയിൽപ്പെടുത്തി സ്ഥലം നിശ്ചിത സമയത്തിനുള്ളിൽ ഏറ്റെടുത്ത് കൈമാറുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വൈദ്യുതി ബോർഡ് തങ്ങൾക്കാവശ്യമായ സ്ഥലം ഉടമകളിൽ നിന്ന് ഇപ്പോൾ നേരിട്ട് വാങ്ങുകയാണ്. അതിൽ റവന്യൂ ഉദ്യോഗസ്ഥർക്ക് പങ്കില്ല.

(ബി) ഭൂമി ഏറ്റെടുത്ത് നൽകുന്നതിലുണ്ടായ കാലതാമസം ഒഴിവാക്കുന്നതിനാണ് ഫാസ്റ്റ് ട്രാക്ക് സംവിധാനം ഏർപ്പെടുത്തിയത്.

(സി) റെയിൽവേ 22 സെഗ്മെന്റുകൾക്കാണ് ഭൂമി ആവശ്യപ്പെട്ടിരുന്നത്. അതിൽ 18 സെഗ്മെന്റുകൾക്കാവശ്യമായ ഭൂമി ഏറ്റെടുത്ത് കൈമാറിക്കഴിഞ്ഞു. 2 സെഗ്മെന്റുകൾക്കാവശ്യമായ ഭൂമി 2005 ഫെബ്രുവരി -മാർച്ച് മാസത്തോടുകൂടിയും ബാക്കി രണ്ടു സെഗ്മെന്റുകളുടെ അലൈൻമെന്റ് റീ-വർക്ക് ചെയ്ത് ആവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം റെയിൽവേ അറിയിക്കുന്ന മുറയ്ക്ക് ആ സെഗ്മെന്റുകൾക്കാവശ്യമായ സ്ഥലവും ഏറ്റെടുത്ത് കൈമാറാൻ കഴിയുന്നതാണ്.

(ഡി) വൈദ്യുതി ബോർഡിന് ആവശ്യമായ സ്ഥലം ഉടമകളിൽ നിന്ന് ബോർഡ് നേരിട്ട് വാങ്ങുന്നതിനാൽ ഈ ചോദ്യത്തിന് പ്രസക്തിയില്ല.

ശ്രീ. മത്തായി ചാക്കോ : സർ, ഷൊർണൂർ മുതൽ മംഗലാപുരം വരെയുള്ള മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട റെയിൽ പാത ഇരട്ടിപ്പിക്കൽ ഇപ്പോഴും തടസ്സമായി നിൽക്കുകയാണ്. കോഴിക്കോട് രണ്ടാം ഗേറ്റ് മുതൽ Railway Station വരെയുള്ള 200 മീറ്റർ വരുന്ന സ്ഥലത്ത് 20 സെന്റ് സ്ഥലം റെയിൽവേയ്ക്ക് ഏറ്റെടുത്തു കൊടുക്കാത്തതിന്റെ പേരിൽ ഇപ്പോൾ മണിക്കുറുകളോളം യാത്ര തടസ്സപ്പെടുന്ന സ്ഥിതിയുണ്ട്. ഞങ്ങളെല്ലാം ഇന്നലെ വരുന്ന വഴിക്കുതന്നെ കണ്ണൂർ എക്സ്പ്രസ്, അര മണിക്കൂറാണ്, കോഴിക്കോട് ഒരു വണ്ടി കടന്നുപോകുന്നതിനുവേണ്ടി നിർത്തിയിട്ടത്. 20 സെന്റ് സ്ഥലം എടുക്കുന്നതിനുള്ള തടസ്സത്തിന്റെ ഫലമാണിത്. മലപ്പുറം-ഷൊർണൂർ റൂട്ടിൽ ഗവൺമെന്റ് സ്ഥലം റെയിൽവേയ്ക്ക് എടുത്തുകൊടുക്കാത്തതിന്റെ ഭാഗമായി പാത ഇരട്ടിപ്പിക്കൽ തടസ്സപ്പെട്ട വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന് വല്ല പരിഹാര നടപടിയും ഗവൺമെന്റ് എടുത്തിട്ടുണ്ടോ?

ശ്രീ. കെ. എം മാണി : ഷൊർണൂർ-മംഗലാപുരം പാതയെപ്പറ്റി പൊതുവായി പറയാൻ തയ്യാറാണ്. കാലിക്കട്ട്-മംഗലാപുരം മാത്രമായി എടുക്കുന്നുവെങ്കിൽ 5 segments തീർത്തുകൊടുത്തു 563 കോടി രൂപയുടെ പ്രോജക്ട് ആണ്. 5 segment സ്ഥലം എടുത്തുകൊടുക്കുകയുണ്ടായി. കോഴിക്കോടുമുതൽ മംഗലാപുരം വരെയുള്ള doubling-ന് ഇപ്പോൾ ഒരു തടസ്സവും ഇല്ല. പണി വേഗതയിൽ തന്നെ നടക്കുകയാണ്. അതുപോലെതന്നെ ഷൊർണൂർ മുതൽ കാലിക്കട്ട് വരെയുള്ള ഭാഗമാണെങ്കിൽ 178 കോടി രൂപയുടെ പണികളാണ്, 8 segment വർക്ക് തുടങ്ങിയിട്ടുണ്ട്. 8 Segment-ന്റെയും സ്ഥലം acquire ചെയ്തുകൊടുത്തിട്ടുണ്ട്, ഇനി അവശേഷിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഒരു segment ആണ്. ഷൊർണൂർ പള്ളിപ്പുറം റെയിൽവേ land requirement റെയിൽവേ rework ചെയ്യുകയാണ്. നമ്മുടെ കുഴപ്പം കൊണ്ടല്ല. ഈ മാസം അവർ rework ചെയ്തു തരും; മാർച്ചിൽ അതുകൂടി acquire ചെയ്തുകൊടുക്കും. അപ്പോഴത്തേക്ക് ഷൊർണൂർ മുതൽ മംഗലാപുരം വരെയുള്ള പണികളെ സംബന്ധിച്ചിടത്തോളം യാതൊരു തടസ്സവും ഇല്ലാതെ വരാൻ പോകുകയാണ്.

ശ്രീ. മത്തായി ചാക്കോ : വികസന ആവശ്യങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൽ ബന്ധപ്പെട്ട തഹസിൽദാർമാരും അതുപോലെ ഡെപ്യൂട്ടി കളക്ടർമാരും വലിയ തടസ്സം ഉണ്ടാക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്ന് വിചാരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ തുറശ്ശേരിക്കടവുപാലം, എന്റെയും കൊയിലാണ്ടി എം.എൽ.എ. ആയ ശ്രീ. പി. ശങ്കരന്റെയും മണ്ഡലത്തിലേക്ക് കടക്കുന്ന ഭാഗമാണ്. അവിടെ ഒരു ഡെപ്യൂട്ടി കളക്ടർ acquisition നടത്തേണ്ട ഭൂമിയുടെ ഉടമകൾ ആയാളെ പോയി കണ്ടില്ല എന്നുപറഞ്ഞുകൊണ്ട് മാസങ്ങളോളം തടസ്സമുണ്ടാക്കുകയാണ്. അങ്ങനെ ഡെപ്യൂട്ടി കളക്ടർമാർക്ക് ഗവൺമെന്റ് ശമ്പളം കൊടുക്കാതിരിക്കുന്ന വല്ല അവസ്ഥയുമുണ്ടോ, ഞങ്ങൾ ഇവർക്ക് വല്ല ഹുണ്ടിക കളക്ഷനും നടത്തി കൊടുക്കേണ്ട അവസ്ഥ ഉണ്ടോ, ഇയാൾക്ക് വല്ല ദാരിദ്ര്യമോ പട്ടിണിയോ ഉണ്ടെങ്കിൽ, കൊടുക്കേണ്ട അവസ്ഥ ഉണ്ടോ? ഇങ്ങനെ ഡെപ്യൂട്ടി കളക്ടർമാരും തഹസിൽദാർമാരും ഭൂമി ഏറ്റെടുക്കുന്നതിനും ഏറ്റെടുക്കാതിരിക്കുന്നതിനും 2 തരത്തിൽ പണം ആവശ്യപ്പെടുന്നുണ്ട്. ഇത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഒരു ഭൂ വിദഗ്ദ്ധനായ അങ്ങ് ഇത്തരം കാര്യങ്ങളിൽ പ്രത്യേകമായ ശ്രദ്ധചെലുത്തുമോ എന്ന് ചോദിക്കുകയാണ് ?

ശ്രീ. കെ. എം. മാണി : വലിയ വൈദഗ്ദ്ധ്യം ഇല്ലെങ്കിലും സാമാന്യം വൈദഗ്ദ്ധ്യം ഉണ്ട്. ഈ ചോദ്യത്തെ സംബന്ധിച്ച് എനിക്ക് ഉത്തരം പറയാൻ ബുദ്ധിമുട്ട് ഉണ്ട്. ഒന്നാമത് fast track-നെ പറ്റിയുള്ള ചോദ്യം ആണ്. അങ്ങയുടെ ചോദ്യം fast track-ന് പുറത്തുള്ള പൊതുവായ ചോദ്യമാണ്. അതുപ. അങ്ങയുടെ നിയോജകമണ്ഡലത്തിലെ ഒരു വർക്കിനെ സംബന്ധിച്ചാണ്. അതുപോലെ തന്നെ നോട്ടീസ് തരാതെയാണ് ഈ ചോദ്യം. സാധാരണ ഗതിയിൽ acquisition എവിടെയുണ്ടെങ്കിലും നേരത്തെ ചെയ്തുകൊടുക്കണം എന്നാണ് നിബന്ധന. ഏതെങ്കിലും ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ separate ആയിട്ട് എഴുതി തരികയാണെങ്കിൽ അതിനെപ്പറ്റി അന്വേഷിക്കാം, ഒരു കുഴപ്പവും ഇല്ല. വേണ്ട നടപടി സ്വീകരിക്കാം, നമുക്ക് അത് വേഗത്തിൽ തന്നെ തീർക്കാം.

ശ്രീ. മഞ്ഞളാംകുഴി അലി: വികസനാവശ്യത്തിന് ഏറ്റെടുക്കുന്ന സ്ഥലങ്ങളിൽ പ്രവൃത്തി നടക്കേണ്ട സന്ദർഭങ്ങളിൽ സർക്കാർ സ്റ്റേ നൽകുന്നു; ഇതേ പോലെ പല സാഹചര്യങ്ങളും ഉണ്ടായിട്ടുണ്ട്, ഏതെങ്കിലും സ്വാധീനമുള്ള വ്യക്തികളുടെ സ്വകാര്യ താത്പര്യം സംരക്ഷിക്കാൻ വേണ്ടിയാണ് പലപ്പോഴും ഇത് ചെയ്യുന്നത്. ഇത് അവസാനിപ്പിക്കുന്നതിനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: അത് ശരിയല്ല, പൊതുവേ പറയുമ്പോൾ വളരെ rare ആയിട്ടുള്ള കേസുകളിലെ അങ്ങനെ ചെയ്യാറുള്ളൂ; അത് പൊതുവായിട്ട് ചെയ്യാറില്ല. എന്റെ കാലഘട്ടത്തിൽ രണ്ടോ, മൂന്നോ, വളരെ rare ആയിട്ടേ ചെയ്യാറുള്ളൂ. പൊതുവെ ഗവൺമെന്റ് സ്റ്റേ ചെയ്യാറില്ല, ഇതുപോലെ തടസ്സം വരുത്താറില്ല. ചിലപ്പോൾ സ്റ്റേ ചെയ്യുമ്പോൾ ജീവൽ പ്രശ്നം ആയിരിക്കും അല്ലെങ്കിൽ alignment ഉണ്ട് അതിലെ പോകുന്നതിൽ യാതൊരു കുഴപ്പവും ഇല്ല. എന്റെ വീട് പോകും അപ്പുറത്തേക്ക് അല്പം മാറിയാലും കുഴപ്പമില്ല, ഇങ്ങനെയൊക്കെ പറയുകയാണെങ്കിൽ സ്വല്പം pendency വയ്ക്കാൻ പറഞ്ഞ് അത് പരിശോധിക്കാൻ പറയും സ്റ്റേ കൊടുക്കാറില്ല. അല്ലെങ്കിൽ സാധാരണ ഗതിയിൽ വളരെ restrain ആ കാര്യത്തിൽ പാലിക്കുന്നുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: എന്റെ ചോദ്യം കുറച്ചു പ്രാദേശികമാണ്. മങ്കട മണ്ഡലത്തിലെ മൂർക്കനാട് ശുദ്ധജലവിതരണ പദ്ധതിയുടെ ഒരു ടാങ്കിനുവേണ്ടി 30 സെന്റ് സ്ഥലം കുറുവ പഞ്ചായത്തിലെ പുറമ്പോക്കു ഭൂമിയിൽ നിന്നു ലഭ്യമാക്കാൻ കഴിഞ്ഞ പ്രാവശ്യം മലപ്പുറം ജില്ലയിൽ നടത്തിയ പട്ടയ മേളയിൽ ശ്രീ. കെ. എം. മാണിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഉടൻതന്നെ അത് നൽകാൻ വേണ്ട നടപടി എടുക്കുമെന്ന് അന്ന് മന്ത്രി പറയുകയും ചെയ്തിരുന്നു. ഇതു വരെയും അത് കിട്ടിയിട്ടില്ല; മാത്രമല്ല കളക്ട്രേറ്റിലെ ഫയൽ തന്നെ കാണുന്നില്ല എന്നാണ് അറിയാൻ കഴിഞ്ഞത്. ഇതിനു മുന്തിയ പരിഗണന നൽകി ഭൂമി പെട്ടെന്ന് നൽകാൻ ഉള്ള ഏർപ്പാടുകൾ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാവുമോ?

ശ്രീ. കെ. എം. മാണി: ഉണ്ടാക്കാം, പ്രത്യേകം കൈകാര്യം ചെയ്യാം; വിശദാംശങ്ങൾ ഇതു കഴിഞ്ഞ് ചേമ്പറിൽ വച്ച് discuss ചെയ്യാം; ആവശ്യമായ നിർദ്ദേശങ്ങളും കൊടുക്കാം.

ശ്രീ. പിരപ്പൻകോട് മുരളി: ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതുകൊണ്ട് തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവള വികസനപ്രവർത്തനം ഇന്ന് സ്തംഭനത്തിൽ ആണെന്നാണ് മനസ്സിലാക്കുന്നത്. ഈ സാഹചര്യത്തിൽ എത്ര ഏക്കർ ഭൂമി ആണ് നമ്മൾ Airport Authority-യ്ക്ക് കൈമാറേണ്ടത്; അവർ എത്ര ഏക്കർ acquire ചെയ്തു; എത്ര ഏക്കർ കൊടുത്തു, ഇനി എന്തെങ്കിലും തടസ്സമുണ്ടോ; ദയവായി വിശദീകരിച്ചാൽ കൊള്ളാം;

ശ്രീ. കെ. എം. മാണി: ഇവിടെ തിരുവനന്തപുരം Airport-നെ സംബന്ധിച്ചിടത്തോളമുള്ളത് ഈ Airport-ന് രണ്ടു segment-കളിലായി 147 ഏക്കർ സ്ഥലം ആണ് എടുക്കേണ്ടത്. അതിൽ ഒരു segment-ൽ 27 ഏക്കർ സ്ഥലം എടുത്തുകഴിഞ്ഞു. പക്ഷേ അതിൽ രണ്ടു സെന്റു സ്ഥലം ചില സാങ്കേതിക കാരണങ്ങളാൽ എടുക്കാൻ സാധിച്ചിട്ടില്ല. രണ്ടുസെന്റു സ്ഥലം എടുക്കാത്തതുകൊണ്ടാണ് അവിടെ തടസ്സങ്ങൾ ഉണ്ടായത്. Fast track സംവിധാനം തുടങ്ങിയതുകൊണ്ട് ഈ രണ്ടു സെന്റ് സ്ഥലം എടുത്തുകൊടുത്തുകഴിഞ്ഞിരിക്കുന്നു ആ തടസ്സം നീക്കിയിരിക്കുകയാണ്. ഇനി ബാക്കി 120 ഏക്കർ സ്ഥലം എടുക്കാനുണ്ട്. ആ 120 ഏക്കർ

സ്ഥലമെടുക്കേണ്ടതിന്റെ 4(1) notification ആയി. 6(1) notification ആയിട്ടില്ല. 600 കുടുംബങ്ങൾ മാറേണ്ടതായിട്ടുണ്ട്. 600 കുടുംബങ്ങളെ സംബന്ധിച്ചിടത്തോളം മാറ്റുന്നതിനുവേണ്ടിയുള്ള ചർച്ചകൾ ഉദ്യോഗസ്ഥ തലത്തിലും, ജനപ്രതിനിധി തലത്തിലും നടത്താൻ തുടങ്ങി. അവർക്ക് ആവശ്യമായ incentive കൊടുത്തുകൊണ്ടും അവരെ ബോധവത്ക്കരിച്ചുകൊണ്ടും വളരെ സമാധാനപരമായി ഈ കുടുംബങ്ങളെ നമുക്ക് മാറ്റിപ്പാർപ്പിക്കാൻ ഉള്ള ഏർപ്പാട് ഉണ്ടാകണം. അങ്ങനെയാണെങ്കിൽ 120 ഏക്കറും ഉടനെ എടുത്തുകൊടുക്കാൻ കഴിയും. ഏതായാലും fast track സംവിധാനം ഉണ്ടായതിനുശേഷം തിരുവനന്തപുരം എയർപോർട്ടിനെ സംബന്ധിച്ചിടത്തോളം acquisition രംഗത്തുണ്ടായ തടസ്സങ്ങൾ നീക്കം ചെയ്യാൻ കഴിഞ്ഞു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്.

<u>ശ്രീ. പിരപ്പൻകോട് മുരളി:</u> കേരളത്തിലെ ഏറ്റവും വലിയ സാംസ്ക്കാരിക സ്ഥാപനമായ State Library Council-ന് അതിന്റെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച്, ഒരു Library Institute അതുപോലെ deposit library അടക്കം ഒരു ഗ്രന്ഥശാലാ സമുച്ചയം പണിയുന്നതിനുവേണ്ടി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 20 സെന്റ് പുറമ്പോക്കു ഭൂമി നൽകിയിരുന്നു. അതിന്റെ construction-ന് തറക്കല്ലിട്ട് പണി ആരംഭിക്കുന്ന ഘട്ടത്തിൽ പുതിയ ഗവൺമെന്റ് വരികയും അങ്ങ് റവന്യൂ മന്ത്രി ആകുകയും ചെയ്ത പ്രത്യേക സാഹചര്യത്തിൽ ഏകപക്ഷീയമായി എന്തുകൊണ്ടാണെന്നുപോലും പറയാതെ അത് താത്കാലികമായി റദ്ദുചെയ്യുകയാണുണ്ടായത്. അങ്ങേക്ക് ഞങ്ങൾ നിവേദനവും തന്നിരുന്നു. ഇനിയെങ്കിലും ആ State Library Council-ന്റെ ഗ്രന്ഥശാലാ സമുച്ചയം പണിയുന്നതിനുവേണ്ടി നീക്കിവച്ച സ്ഥലം ദയവായി നൽകാൻ അങ്ങ് നടപടി സ്വീകരിക്കുമോ ?

<u>ശ്രീ. കെ. എം. മാണി:</u> സർ, എന്തെങ്കിലും തക്കതായ കാരണം ഇല്ലെങ്കിൽ അങ്ങനെ ചെയ്യാൻ ഇടയില്ല. നമുക്ക് ഏതായാലും അത് ഒന്നുകൂടി പരിശോധിക്കാം.

<u>ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:</u> സർക്കാരിന്റെ വിവിധ ആവശ്യങ്ങൾക്കായി സ്ഥലം ഏറ്റെടുക്കുമ്പോൾ പൊന്നും വിലയ്ക്ക് ഭൂമി ഏറ്റെടുക്കുന്നു എന്നാണ് പറയുക. എന്നാൽ നാട്ടിൽ നിലവിൽ ഉള്ള market rate-ന്റെ 10% പോലും വില ലഭിക്കുന്നില്ല. കൂടാതെ ഇപ്പോൾ fast track-ൽ ഭൂമി എടുക്കുന്ന മണ്ണുത്തി, അങ്കമാലി പ്രദേശത്ത് ലക്ഷങ്ങൾ വിലമതിക്കുന്ന ഭൂമിക്ക് സെന്റിന് 20,000 രൂപ ആണ് വില നിശ്ചയിച്ചിട്ടുള്ളത്. ലക്ഷക്കണക്കിന് രൂപ ചെലവുചെയ്ത് നിർമ്മിച്ചിരിക്കുന്ന കോൺക്രീറ്റ് കെട്ടിടങ്ങൾക്കും കാര്യമായ വില ലഭിക്കുന്നില്ല. ഇത് മൂന്നോ നാലോ സെന്റ് ഭൂമിയുള്ള സാധാരണക്കാർക്ക് വലിയ പ്രശ്നം ആണ്. ഇതിൽനിന്നും ലഭിക്കുന്ന നഷ്ടപരിഹാരം കൊണ്ട് മറ്റൊരു ഭൂമി വാങ്ങാനും കെട്ടിടം പണിയാനും സാധിക്കാത്ത സാഹചര്യമാണ്. ന്യായമായ നഷ്ടപരിഹാരം കൊടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: 26-5-2004-ൽ കേരള ഗവൺമെന്റ് ഒരു State Policy കൊണ്ടുവന്നു. National Policy വേറെ ഉണ്ട്. സ്റ്റേറ്റിന് വേറൊരു പോളിസി ഉണ്ട്. കൂടുതൽ ഇൻസെന്റീവ് നമ്മൾ നൽകാൻ പോകുകയാണ്. ആ പോളിസി അനുസരിച്ച് ആ ആക്ടിൽ പറഞ്ഞിരിക്കുന്നതുപോലെ തന്നെ നമ്മുടെ ആളുകൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകരുത്. ഭൂമിയും വീടും നഷ്ടപ്പെടുന്ന ആളുകൾക്ക് മതിയായ നഷ്ടപരിഹാരം നൽകണം. ആ നിലയിൽ ഉള്ള ചില incentives പ്രഖ്യാപിച്ചിട്ടുണ്ട്. വേണമെങ്കിൽ വേറെ സ്ഥലം എടുത്തുകൊടുക്കും. ഗവൺമെന്റിന് സ്ഥലം കൊടുക്കാം, വേണമെങ്കിൽ acquire ചെയ്തവർക്ക് സ്ഥലം കൊടുക്കാം. അവരുടെ പേരിൽ പട്ടയം ഇല്ല. കൈവശരേഖ മാത്രമേ ഉള്ളു എങ്കിൽ പോലും അതിന് exgratia ആയിട്ട് അവർക്ക് വേണ്ട സഹായം കൊടുക്കും. SC ആണെങ്കിലും ST ആണെങ്കിലും Below Poverty Line-ൽ ഉള്ളവരാണെങ്കിലും അവർക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പാടു ചെയ്തുകൊടുക്കുന്നതാണ്. വേറെ സ്ഥലം ഉണ്ടാകുന്നതുവരെ അവരെ വാടക കെട്ടിടത്തിൽ താമസിപ്പിക്കുകയും അവർക്ക് വാടക കൊടുക്കുകയും ചെയ്യാം. ഇങ്ങനെ നിരവധി സൗകര്യങ്ങൾ ഏർപ്പാടുചെയ്തുകൊണ്ടുള്ള പോളിസിയാണ് സ്റ്റേറ്റ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അതുകൊണ്ട് ഈ പോളിസി എടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ ആളുകൾക്ക് ഒരു ബുദ്ധിമുട്ടും ഉണ്ടാകാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലാൻഡ് എടുക്കാവുന്നതാണ്.

ശ്രീ. ടി. കെ. ബാലൻ: സർ, കണ്ണൂർ വിമാനത്താവളത്തിനു വേണ്ടി മുൻ ഗവൺമെന്റിന്റെ കാലത്ത് 128 ഏക്കർ സ്ഥലം മൂർക്കൻ പറമ്പിൽ acquire ചെയ്യുകയുണ്ടായി. അതിനുവേണ്ടി രണ്ട് സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസും അവിടെ ഏർപ്പാട് ചെയ്തിരുന്നു. പക്ഷേ ഇപ്പോഴാണെങ്കിൽ ആ ഓഫീസുകളൊക്കെ abolish ചെയ്ത് acquisition നിലച്ചിരിക്കുകയാണ്. കേന്ദ്ര സിവിൽ ഏവിയേഷൻ വകുപ്പുമന്ത്രിയുടെ feasibility report പ്രകാരം കണ്ണൂരിൽ ഒരു വിമാനത്താവളം സ്ഥാപിക്കുന്നതിന് നയപരമായ തീരുമാനം കേന്ദ്ര ഗവൺമെന്റ് എടുക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ അടിയന്തിരമായി 1200 ഏക്കർ സ്ഥലം acquire ചെയ്യാൻ വേണ്ടി സ്പെഷ്യൽ തഹസിൽദാരുടെ ഓഫീസ് വീണ്ടും കൊണ്ടുവരികയും re-notification നടത്തുകയും ചെയ്യുന്ന കാര്യം ഗവൺമെന്റ് വേണ്ടത്ര ശ്രദ്ധിക്കുമോ?

ശ്രീ. കെ. എം. മാണി: കേന്ദ്ര ഗവൺമെന്റ് അതുസംബന്ധിച്ച് നയപരമായ ഒരു തീരുമാനമെടുക്കുമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. നയപരമായ തീരുമാനമെടുത്തുകഴിഞ്ഞ് അവരുടെ ഫൈനൽ പ്രൊപ്പോസൽ ഈ ഗവൺമെന്റിന്റെ മുമ്പിൽ വരികയാണെങ്കിൽ ഉടനടി ക്രിയാത്മകമായ നടപടികളിലേക്ക് നമുക്ക് കടക്കാം. അതിനുമുമ്പ് ആവശ്യമായ സജ്ജീകരണങ്ങളൊക്കെ ചെയ്തുവയ്ക്കാം.

ശ്രീ. പി. ജെ. ജോയി: സർ, ഈ സംസ്ഥാനത്തിന്റെ റോഡ് വികസന രംഗത്ത് ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രോജക്ടാണ് കെ.എസ്.ടി.പി. ഏറ്റെടുത്തിട്ടുള്ള എം.സി. റോഡ് വികസനം. ആ റോഡിന് ഭൂമി acquisition നടത്തിക്കൊടുക്കുന്നതിന് വളരെ കാലതാമസം നേരിടുന്നു. അതുകൊണ്ടുതന്നെ അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഒച്ചിഴയുന്ന വേഗത്തിൽ മാത്രമേ നടക്കുന്നുള്ളൂ. അടിയന്തിരമായി ആ ഭൂമി ഏറ്റെടുത്തു കൊടുക്കാൻ, കെ.എസ്.ടി.പി.-ക്ക് കൈമാറാൻ സമയബന്ധിതമായി നടപടി സ്വീകരിക്കാൻ ഗവൺമെന്റിന് സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി: Fast Track വന്നതിനുശേഷം വളരെ വേഗതയിലാണ് കാര്യങ്ങൾ നീങ്ങുന്നത്. കെ.എസ്.ടി.പി.ക്ക് 172 segments ആണ് ആവശ്യം. അത് 325 കോടി രൂപയുടെ പ്രോജക്ടാണ്. അതിൽ ആദ്യത്തെ ഫേസ് എന്നു പറയുന്നത് 82 segments ആണ്. ആ 82 segments മാർച്ചുമാസത്തിൽ തന്നെ നമുക്ക് കൈമാറാൻ കഴിയുന്നതാണ്. ഇതിൽ 64 segment-ന്റെ സ്ഥലമെടുത്ത് കൊടുത്തു. അത് വലിയൊരു കാര്യമാണ്. 64 segment എന്നു പറയുമ്പോൾ 113 ഏക്കർ സ്ഥലം ഇപ്പോൾത്തന്നെ എടുത്തുകൊടുത്തു കഴിഞ്ഞിട്ടുണ്ട്. ബാക്കി 18 segment-ലാണ് ഇനി തീരുമാനമാകാനുള്ളത്. ആ 18 segment മാർച്ചുമാസത്തിൽ കൊടുക്കുന്നതോടുകൂടി ഫേസ് ഒന്ന് തീരും. അതുകഴിഞ്ഞാൽ ഫേസ് രണ്ടാണ്. ഫേസ് 2-ൽ 90 segment ആണ് ആകെയുള്ളത്. അതിൽ 12 segment-ന് 17 ഏക്കർ സ്ഥലം ഈ ഫെബ്രുവരിയിൽ ഏറ്റെടുത്തുകൊടുക്കും.

എസ്. എസ്. എൽ. സി. പരീക്ഷയുടെ കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷ

3 [*120] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
„ മത്തായി ചാക്കോ:
„ എ. കെ. ബാലൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. എസ്. എൽ. സി. പരീക്ഷയുടെ കമ്പ്യൂട്ടർ പ്രായോഗിക പരീക്ഷ നടത്തുന്നതിന് തയ്യാറാക്കിയ സോഫ്റ്റ്വെയറിന്റെ ഉപയോഗക്ഷമത സംബന്ധിച്ച പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരീക്ഷ നടത്തുന്നതിനായി പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിലുള്ള എക്സാം സോഫ്റ്റ്വെയർ തയ്യാറാക്കിയത് ഏത് കമ്പനിയാണ്; ഈ സോഫ്റ്റ്വെയർ മറ്റ് ഏതെല്ലാം പരിശോധനകൾക്ക് വിധേയമാക്കിയിട്ടുണ്ട്;

(സി) പരീക്ഷയ്ക്കുള്ള സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് സ്വകാര്യ കമ്പനികളെ ഏൽപ്പിക്കുമ്പോൾ പരീക്ഷയുടെ വിശ്വാസ്യത കാത്തുസൂക്ഷിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത എക്സാം സോഫ്റ്റ്വെയർ തയ്യാറാക്കിയതിന് കമ്പനിക്ക് നൽകിയ പ്രതിഫലം എത്രയെന്ന് വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത എക്സാം സോഫ്റ്റ്വെയർ തയ്യാറാക്കുന്നതിന് കമ്പനിയെ ചുമതലപ്പെടുത്തിയ തീരുമാനത്തിന് ഗവൺമെന്റിന്റെ അംഗീകാരം വാങ്ങിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, (എ) ചില പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരാതികൾ വിശദമായി പരിശോധിച്ചു. ഈ സോഫ്റ്റ്വെയർ ഇക്കഴിഞ്ഞ മാതൃകാ പരീക്ഷയ്ക്ക് ഉപയോഗിക്കുകയും ചെയ്തിരുന്നു. ഉപയോഗക്ഷമതയുടെ കാര്യത്തിൽ പ്രശ്നമൊന്നുമില്ലെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. ഈ വർഷം മറ്റൊരു സോഫ്റ്റ് വെയർ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly